# അന്താരാഷ്ട്ര പോപ്സ് നിവാരണശൃംഖല

പെർസിസ്റ്റൻറ് ഓർഗാനിക് പൊല്യൂട്ടൻറ്സ് അഥവാ പോപ്സ് എന്നറിയപ്പെടുന്ന രാസവിഷങ്ങൾ ഭൂമുഖത്ത് നിന്ന് തുടച്ചുനീക്കുന്നതിലേയ്ക്കായി ഒരു ആഗോള ഉടമ്പടി യാഥാർത്ഥ്യമാക്കാൻ ബദ്ധശ്രദ്ധരായ, ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന പൊതുജനതാല്പര്യ സംഘടനകളുടെ ഒരു പ്രവർത്തനകൂട്ടായ്മയാണ് അന്താരാഷ്ട്ര പോപ്സ് നിവാരണശൃംഖല (IPEN).

പോപ്സ് നിവാരണത്തിനുള്ള പ്രവർത്തനതലം, ഈ ശൃംഖലയുടെ പ്രവർത്തനങ്ങളുടെ വ്യാഖ്യാനവും, ആശയപരമായ ചട്ടക്കൂടിൻെറ വിവരണവും ഒപ്പം നിയമപരമായി നിലനിൽക്കുന്ന, ഫലപ്രദമായ ഒരു പോപ്സ് നിവാരണ ഉടമ്പടി നടപ്പിൽ വരുത്താനാവശ്യമായ പ്രാരംഭ പ്രവർത്തനാശയങ്ങളും സജ്ജീകരിക്കുന്നു.

പോപ്സ് നിവാരണത്തെക്കുറിച്ചുള്ള പശ്ചാത്തലക്കുറിപ്പിൽ (I) പോപ്സ് എന്താണെന്നും, അവ, മനുഷ്യനും വന്യജീവനും ഉൾപ്പെടെ ലോകത്തെങ്ങുമുള്ള പാരിസ്ഥിതിക വ്യവസ്ഥകൾക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങളെക്കുറിച്ച് നിലവിലുള്ളതും പുതുതായി കണ്ടെത്തിക്കൊണ്ടിരിക്കുന്നതുമായ ശാസ്ത്രീയ തെളിവുകളെക്കുറിച്ചും പ്രതിപാദിക്കുന്നു. ആഗോളതലത്തിൽ പോപ്സ് നിവാരണത്തിന് ഒരു ഉടമ്പടിയുണ്ടാക്കേണ്ടതിൻെറ ആവശ്യത്തെ സാധൂകരിക്കുന്ന ചില കണ്ടെത്തലുകളും തീരുമാനങ്ങളും ഇവിടെ സംഗ്രഹിക്കുന്നു. പോപ്സ് നിവാരണപ്രവർത്തനതലം (II), ലോകത്തെമ്പാടുമുള്ള സർക്കാരുകളോട് ആഗോളതലത്തിൽ പോപ്സ് നിവാരണത്തിനുള്ള ഉടമ്പടി ചർച്ചകളിലേർപ്പെടുമ്പോൾ സുപ്രധാനമായ 9 തത്വങ്ങളെ അംഗീകരിച്ച് നടപ്പിലാക്കാനുള്ള ഒരു ആഹ്വാനമാണ്. മറ്റു പ്രത്യേകതകളെക്കൂടാതെ പ്രസ്തുത ഉടമ്പടി കൊണ്ടുദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്.

* ചിട്ടയായും വളരെപ്പെട്ടെന്നും, എന്നാൽ നീതിയുക്തവുമായ രീതിയിൽ പോപ്സിനേയും അവയുടെ പ്രഭവകേന്ദ്രങ്ങളേയും ഇല്ലായ്മ ചെയ്യുക. തുടക്കത്തിൽ, ഡി.ഡി.റ്റി., പി.സി.ബി. ഡയോക്സിനുകൾ തുടങ്ങിയ പന്ത്രണ്ടോളം കുപ്രസിദ്ധങ്ങളായ പോപ്സ് രാസവിഷങ്ങളുടെ നിവാരണത്തിനാവണം ഊന്നൽ കൊടുക്കേണ്ടത്.

**ലഘുലേഖാ പരമ്പര – 1**

* ഒരിക്കൽ പോപ്സ് പട്ടികയിലുൾപ്പെട്ടുകഴിഞ്ഞാൽ ഒരു രാസവസ്തു പരിസ്ഥിതിയിലെത്താൻ കാരണമായ പ്രവർത്തനങ്ങൾ പിന്നെയും തുടരാമെന്ന ആശയത്തെ നിരാകരിക്കുക. കാരണം, പോപ്സ് ശ്രേണിയിലുൾപ്പെട്ട രാസവിഷങ്ങളെല്ലാം തന്നെ യാതൊരു വിധത്തിലും കൈകാര്യം ചെയ്യാനാവാത്തവയാണ്.

* മാനുഷിക വ്യാപാരങ്ങളാൽ അറിഞ്ഞോ അറിയാതെയോ ഉൽപ്പാദിപ്പിക്കപ്പെടുന്ന പോപ്സ് രാസവസ്തുക്കളുടെ ഉൽപ്പാദന- ഉപയോഗ-വ്യാപാര പ്രവർത്തനങ്ങൾ ഇല്ലാതാക്കുകയും നിരോധിക്കുകയും വേണം. മാത്രമല്ല, കാലഹരണപ്പെട്ടതും നിലവിലുള്ളതുമായ പോപ്സ് രാസവസ്തുശേഖരങ്ങൾ കണ്ടെത്തിയും ശേഖരിച്ചും ശരിയായ രീതിയിൽ നശിപ്പിക്കണം.

* പോപ്സ് രാസവസ്തുക്കളേയും അവയുടെ ഉറവിടങ്ങളേയും ഇല്ലായ്മ ചെയ്യാനുള്ള പ്രാപ്തി കുറഞ്ഞ ചില രാഷ്ട്രങ്ങൾക്ക് വേണ്ടി പ്രത്യേക പരിപാടികൾ വികസിപ്പിക്കുക. പകരം സുരക്ഷിതവും ചെലവു കുറഞ്ഞതുമായ വസ്തുക്കളും പ്രക്രിയകളും കണ്ടെത്തി ഉപയോഗിക്കുക.

* പോപ്സ് നിവാരണം ചെയ്യുമ്പോൾ, ഭക്ഷ്യോൽപ്പാദനം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലകളെ, പ്രത്യേകിച്ചും പകർച്ചവ്യാധി നിയന്ത്രണം, വിട്ടുവീഴ്ചക്കിടയില്ലാത്തവിധം സംരക്ഷിക്കണം.

* ഉടമ്പടി നിലവിൽ വന്നുകഴിഞ്ഞാൽ, പാരിസ്ഥിതിക-ആരോഗ്യ-സംരക്ഷണത്തിൽ അധിഷ്ഠിതമായ രീതികളിലൂടേയും സുതാര്യവും പ്രാവർത്തികമാക്കാൻ പറ്റുന്നതുമായ മാനദണ്ഡങ്ങളിലൂടേയും പുതിയതായി കണ്ടെത്തുന്ന പോപ്സ് രാസവസ്തുക്കളെ ഉൾപ്പെടുത്തണം. (തുടരും)